## അഭിമുഖം

അസ്ബറ അൻവർ

# 'മെസ്സേജ്': തീരദേശത്തിന്റെ സ്നേഹദൂത്



**തീരദേശ മേഖലയിലെ വിദ്യാഭ്യാസ-സാംസ്കാരിക-സാമ്പത്തിക പുരോഗതിക്കുവേണ്ടി കോഴിക്കോട് ആസ്ഥാനമായി പ്രവർത്തിക്കുന്ന വേദിയാണ് മെസ്സേജ് ചാരിറ്റബ്ൾ ട്രസ്റ്റ്. 1997-ൽ തുടക്കം കുറിച്ച മെസ്സേജിന്റെ പ്രവർത്തനങ്ങൾ വിപ്ലവാത്മകവും മാതൃകാപരവുമാണ്. നിരക്ഷരതയുടെയും ധാർമികത്തകർച്ചയുടെയും വിശ്വാസാചാരരംഗത്തെ അപചയങ്ങളുടെയും തിരതള്ളലിൽ മുങ്ങിപ്പോകുന്ന തീരദേശ ജനതയെ ജീവിതത്തിലേക്ക് കൈ പിടിച്ചുയർത്താൻ ശ്രമിക്കുന്ന ഈ മഹദ്സംരംഭത്തെക്കുറിച്ച് ചെയർപേഴ്സൺ അസ്ബറ അൻവർ സംസാരിക്കുന്നു.**

***മെസ്സേജ് ചാരിറ്റബ്ൾ ട്രസ്റ്റ് ആരംഭിക്കാനുണ്ടായ സാഹചര്യം?***

ആരെയും ദുഃഖിപ്പിക്കുന്ന ദുരിതജീവിതമാണ് തീരദേശവാസികളുടേത്. ഭക്ഷണം, വസ്ത്രം, വീട്, വിദ്യാഭ്യാസം, തൊഴിൽ തുടങ്ങിയ എല്ലാ കാര്യങ്ങളിലും വളരെ ദയനീയമാണ് അവരുടെ അവസ്ഥ. ഉണ്ണാനും ഉടുക്കാനും ഇല്ലാത്തവരും, ചോർന്നൊലിക്കുന്ന കൂരകളിൽ കഴിയുന്നവരും ധാരാളമുണ്ട്. സത്യവിശ്വാസത്തിൽനിന്ന് വഴിതെറ്റിപ്പോകുവോളം ആദർശാപചയവും ധാർമികത്തകർച്ചയും ശക്തവുമാണ്. ഇത്തരമൊരു സാഹചര്യത്തിലാണ് കോഴിക്കോട്ടെ മത-സാമൂഹിക-സാംസ്കാരിക രംഗങ്ങളിൽ പ്രവർത്തിക്കുന്നവർ ചേർന്നിരുന്ന് മെസ്സേജിന് രൂപം നൽകിയത്. പന്ത്രണ്ട് സ്ത്രീകൾ അംഗങ്ങളായി മെസ്സേജ് ചാരിറ്റബ്ൾ ട്രസ്റ്റിന്റെ പ്രവർത്തനങ്ങൾക്ക് തുടക്കം കുറിച്ചു.

തിരൂരിലെയും കോഴിക്കോട്ടെയും തീരദേശങ്ങളിലുള്ളവരുടെ ജീവിതപ്രയാസങ്ങൾ വളരെ മുമ്പേ എനിക്ക് അറിയാൻ കഴിഞ്ഞിട്ടുണ്ട്. തിരൂരിനടുത്ത പറവണ്ണ-ഉണ്യാൽ ഭാഗത്തെ ജനങ്ങളുടെ ജീവിതം ചെറുപ്പത്തിലേ നേരിൽ കാണുകയും വല്ലാത്തൊരു വേദനയായി മനസ്സിൽ ഉടക്കിനിൽക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് കോഴിക്കോട് വന്നപ്പോഴും കടപ്പുറം ഭാഗങ്ങളിലെ പ്രശ്നങ്ങൾ മനസ്സിലാക്കാൻ സാധിച്ചു. അപ്പോഴൊക്കെ അവരെ കഷ്ടപ്പാടുകളിൽനിന്ന് രക്ഷപ്പെടുത്താനും ആദർശബോധമുള്ളവരാക്കി മാറ്റാനും എങ്ങനെ സാധിക്കും എന്ന് ചിന്തിക്കാറുണ്ടായിരുന്നു. ആ ഒരാഗ്രഹത്തിന്റെ സഫലീകരണം കൂടിയായിത്തീർന്നു എനിക്ക് മെസ്സേജ്.

കോഴിക്കോട്ടെ തീരദേശങ്ങളിൽ സർവെ നടത്തി സ്ഥിതിഗതികൾ മനസ്സിലാക്കിയ ശേഷം ഏറ്റവും അർഹതപ്പെട്ട ഭാഗമെന്ന നിലക്ക് വെള്ളയിൽ പുതിയകടവ് പ്രദേശം കേന്ദ്രീകരിച്ച് പ്രവർത്തനം തുടങ്ങാൻ തീരുമാനിക്കുകയായിരുന്നു.

***എന്തൊക്കെയാണ് മെസ്സേജിന്റെ പ്രവർത്തനങ്ങൾ? ഏതു മേഖലക്കാണ് ഊന്നൽ നൽകുന്നത്?***

വിദ്യാഭ്യാസ വളർച്ചക്ക് മുഖ്യപരിഗണന നൽകിക്കൊണ്ടുള്ള ബഹുമുഖ പ്രവർത്തനങ്ങളാണ് മെസ്സേജ് നടത്തിക്കൊണ്ടിരിക്കുന്നത്. പ്രദേശത്തെ 3000 കുടുംബങ്ങളെയാണ് മെസ്സേജ് ലക്ഷ്യം വെക്കുന്നത്. രണ്ട് ടൈലറിംഗ് മെഷിനുകളുമായി വനിതകൾക്ക് തയ്യൽ പരിശീലനം നൽകി തുടക്കം കുറിച്ച മെസ്സേജിന് കീഴിൽ ഇപ്പോൾ മെസ്സേജ് നഴ്സറി സ്കൂൾ (എൽ.കെ.ജി, യു.കെ.ജി), വിമൻസ് കോളേജ്, തൊഴിൽ പരിശീലന കേന്ദ്രം, മെഡിക്കൽ എയ്ഡ് സെന്റർ, പലിശരഹിത നിധി, ഡ്രസ്സ്ബാങ്ക്, ട്യൂഷൻ സെന്റർ, ഖുർആൻ സ്റ്റഡി സെന്റർ തുടങ്ങിയവ പ്രവർത്തിക്കുന്നുണ്ട്.

നഴ്സറിതലം മുതൽ തന്നെ കുട്ടികളെ വളർത്തിക്കൊണ്ടുവരികയാണ് മെസ്സേജ് ചെയ്യുന്നത്. മെസ്സേജ് നേരിട്ട് നടത്തുന്ന എൽ.കെ.ജി, യു.കെ.ജി ക്ലാസ്സുകളിൽ നൂറോളം കുട്ടികൾ പഠിക്കുന്നു. അവരുടെ ഭക്ഷണം, ട്യൂഷൻ, യാത്ര തുടങ്ങിയ എല്ലാ സൗകര്യങ്ങളും പൂർണമായും സൗജന്യമാണ്. ഒന്നാം ക്ലാസ് മുതൽ കുട്ടികളെ മറ്റ് സ്കൂളുകളിൽ ചേർക്കുന്നു. പ്രഭാത മദ്റസക്കു ശേഷം മെസ്സേജിന്റ വാഹനത്തിൽ തന്നെ കുട്ടികളെ സ്കൂളിലെത്തിക്കും. വൈകുന്നേരം തിരിച്ചു കൊണ്ടുവരികയും ഹോംവർക്കുകളും മറ്റും ചെയ്ത ശേഷം വീടുകളിലേക്ക് മടങ്ങിപ്പോവുകയും ചെയ്യും. ഹൈസ്കൂൾ, പ്ലസ് വൺ, പ്ലസ് ടു ക്ലാസ്സുകളിൽ പഠിക്കുന്ന കുട്ടികൾക്ക് പഠനനിലവാരം മെച്ചപ്പെടുത്താൻ സഹായിക്കുന്ന ട്യൂഷൻ സെന്ററിൽ ഇംഗ്ലീഷ്, മാത്സ്, സയൻസ് വിഷയങ്ങൾക്ക് പ്രാധാന്യം നൽകിയാണ് പരിശീലനം കൊടുക്കുന്നത്. സ്കൂൾ വിഷയങ്ങൾക്ക് പുറമെ ഇസ്‌ലാമിക സംസ്കാരവും അനുഷ്ഠാനമുറകളും പഠിപ്പിക്കുന്നു. വർഷംതോറും അഡ്മിഷൻ കൂടിവരുന്ന ട്യൂഷൻ സെന്ററിൽ 98-100 ശതമാനമാണ് പത്താംക്ലാസ് വിജയം.

മെസ്സേജ് വിമൻസ് കോളേജാണ് എടുത്തുപറയേണ്ട ഒന്ന്. പത്താംക്ലാസ് പാസ്സായവർക്ക് മൂന്നുവർഷംകൊണ്ട് ഹയർസെക്കന്ററി പഠനം പൂർത്തിയാക്കാവുന്ന പ്രത്യേക കോഴ്സിൽ സ്കൂൾ വിഷയങ്ങളോടൊപ്പം ഖുർആൻ, ഹദീസ്, ഫിഖ്ഹ് തുടങ്ങിയവയും പഠിപ്പിക്കുന്നു. ഹയർ സെക്കന്ററി പഠനം പൂർത്തിയാക്കിയവർ ഫറോക്ക് ഇർശാദിയാ കോളേജിൽ ഡിഗ്രിക്ക് പഠിക്കുന്നു. ഡിഗ്രിക്ക് പഠിക്കുന്നവരും പൂർത്തിയാക്കിയവരുമായ ധാരാളം പെൺകുട്ടികളുണ്ട്. ഈ രീതിയിലുള്ള പഠനത്തിന്റെ സ്വാധീനം അവരുടെ ജീവിതത്തിൽ പ്രകടമാണ്.

വയറിംഗ്, പ്ലംബിംഗ്, ഇലക്ട്രോണിക്സ് തുടങ്ങിയ കോഴ്സുകൾക്ക് വിവിധ സ്ഥാപനങ്ങളിൽ കുട്ടികളെ ചേർത്ത് തൊഴിൽ പരിശീലനം നൽകുന്നു. ഒട്ടേറെ പേർ ഇതിനകം പരിശീലനം നേടി ജോലിയിൽ പ്രവേശിച്ചിട്ടുണ്ട്. ചികിത്സാ ചെലവ് താങ്ങാനാകാത്ത പാവങ്ങൾക്ക് ആശ്വാസമായി മെഡിക്കൽ എയ്ഡ് സെന്ററിൽ ക്ലിനിക്കൽ പരിശോധനയും മരുന്നും സൗജന്യമായി നൽകുന്നു. കിടപ്പിലായ സ്ഥിരം രോഗികൾക്ക് മരുന്നു നൽകുന്ന ഒരു പദ്ധതി ഒരു വർഷം ഒരു ലക്ഷം രൂപ ചെലവ് വരുന്ന വിധത്തിൽ പ്രവർത്തിക്കുന്നു. തീരദേശത്തിന്റെ ശാപ

മായ പലിശയിൽനിന്ന് കഴിയുംവിധം അവരെ രക്ഷിക്കാനും പലിശരഹിത സാമ്പത്തിക ഇടപാടുകൾ പരിചയപ്പെടുത്താനും ഉതകുന്നതാണ് പലിശരഹിതനിധി. ചികിത്സ, വിദ്യാഭ്യാസം തുടങ്ങിയ ആവശ്യങ്ങൾക്കായി നൂറുകണക്കിന് കുടുംബങ്ങളാണ് ഇതിനെ ഉപയോഗിക്കുന്നത്. മെസ്സേജിന്റെ സഹായ ഫണ്ടും ഉപഭോക്താക്കളുടെ നിക്ഷേപവുമാണിതിന്റെ മൂലധനം. കുടുംബങ്ങളിൽ സമ്പാദ്യശീലം വളർത്താനും ഈ നിധിക്ക് കഴിയുന്നു. ദുരന്തങ്ങളും മറ്റുമുണ്ടാകുന്ന അടിയന്തര ഘട്ടങ്ങളിൽ വസ്ത്രങ്ങൾ നൽകാനുള്ള സംവിധാനമാണ് ഡ്രസ്സ് ബാങ്ക്. നഗരത്തിലെ വസ്ത്രവ്യാപാരികളുടെ സഹകരണത്തോടെ ശേഖരിച്ച വസ്ത്രങ്ങൾ സൂക്ഷിക്കുകയും ആവശ്യാനുസാരം വിതരണം ചെയ്യുകയുമാണ് ഡ്രസ്സ് ബാങ്ക്. കൂടാതെ ആഘോഷാവസരങ്ങളിലും മറ്റും പ്രയാസപ്പെടുന്നവർക്ക് ഭക്ഷണ കിറ്റുകളും വസ്ത്രങ്ങളും നൽകുന്നു.

വനിതകൾ പഠിതാക്കളായ ഖുർആൻ സ്റ്റഡി സെന്ററാണ് മറ്റൊരു പ്രധാന സംരംഭം. ആദർശാധിഷ്ഠിത സമൂഹത്തെ വാർത്തെടുക്കാൻ വിശുദ്ധ ഖുർആൻ പഠിക്കുകയും ജീവിതത്തിൽ പകർത്തുകയും ചെയ്യുന്നതിലൂടെ മാത്രമേ സാധ്യമാവൂ എന്നതുകൊണ്ട് തീരദേശ ജനതയുടെ അടിസ്ഥാനപരമായ മാറ്റം ആഗ്രഹിച്ചുകൊണ്ടാണിത് തുടങ്ങിയിട്ടുള്ളത്. 120 പേർ പഠിക്കുന്ന സെന്റർ സംസ്ഥാനത്തെ ഏറ്റവും വലിയ ഖുർആൻ സ്റ്റഡി സെന്ററുകളിലൊന്നാണ്.

ലഹരിയുടെ അടിമകളായവരെ മോചിപ്പിച്ച് പുനരധിവസിപ്പിക്കാനുള്ള ഡി അഡിക്ഷൻ സെന്റർ, നോട്ടുപുസ്തകം, കുട, ഭക്ഷ്യവസ്തുക്കൾ തുടങ്ങിയവയുടെ നിർമാണ യൂനിറ്റുകൾ, മൊബൈൽ ക്ലിനിക്കുകൾ തുടങ്ങിയ പല പദ്ധതികളും മെസ്സേജിന് മുമ്പിൽ ഇനിയും പൂർത്തീകരിക്കേണ്ടതായുണ്ട്.

***തീരദേശ ജനതയുടെ സന്നദ്ധതയും സഹകരണവും എത്രത്തോളമുണ്ട്?***

മെസ്സേജിന്റെ പ്രവർത്തനങ്ങൾ പൂർണമായും ഉൾക്കൊള്ളാനും പ്രയോജനപ്പെടുത്താനും ഉത്സാഹം കാണിക്കുന്നുണ്ട് അവർ. മെസ്സേജിനെ വലിയൊരു അനുഗ്രഹമായാണവർ കാണുന്നത്. കഴിഞ്ഞ പതിനൊന്നു വർഷത്തെ പ്രവർത്തനങ്ങളുടെ വിജയം അതാണ് സൂചിപ്പിക്കുന്നത്. വളരെ കൃത്യമായി നടത്തുന്ന പ്രതിമാസ മാതൃസംഗമങ്ങളിൽ 98 ശതമാനം മാതാക്കളും പങ്കെടുക്കും. ഖുർആൻ സ്റ്റഡി സെന്റർ ക്ലാസ്സുകൾക്ക് എന്തെങ്കിലും പ്രയാസമുണ്ടാകുമ്പോൾ പഠിതാക്കൾ തന്നെ ഇങ്ങോട്ട് ആവശ്യപ്പെട്ടുവരും. യഥാർഥത്തിൽ അന്യരായി കാണാതെ അവരുടെ കൂടെനിന്ന് ജീവിതപ്രശ്നങ്ങൾ ഏറ്റെടുത്തും സംസ്കരണ പ്രവർത്തനങ്ങൾ നടത്തിയും മുമ്പോട്ടു പോവുകയാണെങ്കിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും എന്ന് ഞങ്ങൾക്ക് അനുഭവത്തിൽനിന്ന് മനസ്സിലാക്കാൻ കഴിഞ്ഞിട്ടുണ്ട്.

പല രംഗങ്ങളിലും വലിയ പരിവർത്തനമാണ് മെസ്സേജിന് ഉണ്ടാക്കാനായിട്ടുള്ളത്. പത്തുവർഷംമുമ്പ് പത്താംക്ലാസ് പാസ്സായ കുട്ടികൾ പ്രദേശത്ത് വിരലിലെണ്ണാൻ പോലുമുണ്ടായിരുന്നില്ല. ഇന്നിപ്പോൾ എസ്.എസ്.എൽ.സി, പ്ലസ് ടു, ഡിഗ്രി കോഴ്സുകൾ പൂർത്തിയാക്കിയവർ ധാരാളമുണ്ട്. മെസ്സേജിനു കീഴിൽ പഠിച്ച് ബിരുദം നേടിയവർ ഇപ്പോൾ മെസ്സേജിൽ പഠിപ്പിക്കുന്നുണ്ട്. ഇത് കടപ്പുറത്തെ സംബന്ധിച്ച് വലിയ വളർച്ചയാണ്. സ്ത്രീകളുടെ വേഷവിധാനത്തിലും കുട്ടികളുടെ സംസ്കാരത്തിലുമൊക്കെ മാറ്റം പ്രകടമാണ്.

***മെസ്സേജിന്റെ പ്രവർത്തനങ്ങൾക്കാവശ്യമായ ഫണ്ട് എങ്ങനെ കണ്ടെത്തുന്നു?***

പൂർണമായും സൗജന്യമായാണ് ഈ പ്രവർത്തനങ്ങളൊക്കെ നടത്തുന്നത്. ഒരു വർഷം പന്ത്രണ്ട് ലക്ഷം രൂപയാണ് മെസ്സേജിന് ചെലവു വരുന്നത്. വർഷംപ്രതി രണ്ട് ലക്ഷത്തിന്റെ വർധനയും ഉണ്ടാകുന്നു. സഹൃദയരുടെ സഹായം മാത്രമാണ് ഭീമമായ ഈ തുക സംഭരിക്കാനുള്ള ഏക വഴി. നിശ്ചിത എണ്ണം കുട്ടികളുടെ ചെലവ് ഏറ്റെടുത്തും സംഭാവനകൾ നൽകിയും നൂറുകണക്കിനാളുകൾ മെസ്സേജിനെ സഹായിക്കുന്നുണ്ട്. അവർക്കൊക്കെ അല്ലാഹു ഉദാരമായി പ്രതിഫലം നൽകട്ടെ. മതപരമോ സംഘടനാപരമോ ആയ വേർതിരിവുകളില്ലാതെയാണ് മെസ്സേജിന്റെ പ്രവർത്തനങ്ങൾ. എല്ലാ മതവിഭാഗങ്ങളിലുംപെട്ട കുട്ടികൾ മെസ്സേജിൽ പഠിക്കുന്നുണ്ട്. മെസ്സേജിന് സാമ്പത്തികവും മറ്റെല്ലാ വിധത്തിലുമുള്ള സഹായങ്ങൾ നൽകണമെന്നും ഇത്തരം പ്രവർത്തനങ്ങൾ എല്ലാ തീരദേശങ്ങളിലേക്കും വ്യാപിപ്പിക്കണമെന്നുമാണ് ഞങ്ങൾക്ക് പറയാനുള്ളത്. ■

**എസ്. വി**